5903
27/5/15

# പ്രസിദ്ധീകരണത്തിന്

വിഷയം: മഹാരാജാസ് കോളേജിലെ 2015-16 അധ്യയന വർഷത്തിലെ ബിരുദ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച്

എറണാകുളം മഹാരാജാസ് കോളേജിലെ വിവിധ വിഭാഗങ്ങളിലെ ബിരുദ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം ഓൺലൈൻ അപേക്ഷാ മുഖാന്തിരം നടത്തുന്നതാണ്. സ്വയംഭരണ കോളേജ് എന്ന നിലയ്ക്ക് മഹാരാജാസ് കോളേജിലെ കോഴ്സുകളുകളിലേയ്ക്കുള്ള പ്രവേശനം യൂണിവേഴ്സിറ്റിയുടെ പൊതുപ്രവേശനത്തിൽ ഉൾപ്പെടാത്തതിനാൽ വിദ്യാർത്ഥികൾ പ്രത്യേകം അപേക്ഷിക്കേണ്ടതാണ്. 2015 മെയ് മാസം 28 മുതൽ ഓൺലൈൻ അപേക്ഷകൾ www.lbscentre.in എന്ന വെബ്സൈറ്റിൽ സ്വീകരിക്കുന്നതാണ്. വിദ്യാർത്ഥികൾ 50 രൂപ അപേക്ഷാഫീസ് അടച്ച് അപേക്ഷിക്കേണ്ടതാണ്.

| | |
|---|---|
| ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങുന്ന തീയതി | 28-05-2015 |
| ഓൺലൈൻ അപേക്ഷകൾക്കായി ഫീസ് അടയ്ക്കേണ്ട അവസാന തീയതി | 10-06-2015 |
| ഫീസ് അടച്ചശേഷം ഓൺലൈൻ അപേക്ഷ പൂർത്തിയാക്കാനുള്ള അവസാന തീയതി | 11-06-2015 |
| പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കായുള്ള സ്പെഷ്യൽ റിക്രൂട്ട്മെൻറിൽ ഓൺലൈൻ അപേക്ഷ നൽകേണ്ട തീയതി | 20-07-2015 മുതൽ 22-07-2015 |

ആർട്ട്സ്(കൾചറൽ)/സ്പോർട്സ് ക്വോട്ടകളിൽ പ്രവേശനം തേടുന്നവരും ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്നവരും കോളേജ് ഓഫീസിൽ ലഭ്യമായ അപേക്ഷാഫോം പൂരിപ്പിച്ച് ജൂൺ മാസം 23ന് മുൻപായി കോളേജിൽ സമർപ്പിക്കേണ്ടതാണ്.

ലക്ഷദ്വീപ് ക്വോട്ടയിലെ ബിരുദപ്രവേശനം മുറപ്രകാരം മറ്റ് വിഭാഗങ്ങളിലെ പ്രവേശനം അവസാനിക്കുന്ന തീയതി വരെ നടത്തുന്നതാണ്.

ബി.എ. മ്യൂസിക് ബിരുദപ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ നൽകിയവർക്കായി അഭിരുചി പരീക്ഷ ജൂൺ മാസം 16ന് നടത്തുന്നതാണ്.

വിശദവിവരങ്ങളും നിർദ്ദേശങ്ങളും www.maharajas.ac.in എന്ന വെബ് സൈറ്റിലും www.lbscentre.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

അന്വേഷണങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0484 2352838 / 9061112789

Email : adms2015@maharajas.ac.in